"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-തൃശ്ശൂർ ജില്ലാ പഞ്ചായത്ത്- ജില്ലാ വയോജന വിഭവ കേന്ദ്രം നിർമ്മാണം പൂർത്തീകരണം- സൊസൈറ്റിയുടെ അക്കൗണ്ടിലെ തുക ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ നിലവിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.279/2022/LSGD തീയതി,തിരുവനന്തപുരം, 08-02-2022

പരാമർശം:- 1. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഓഫീസറുടെ 17.12.2021ലെ കത്ത്.

2. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 16.12.2021 ലെ dpt/d3-6132/21 നമ്പരായ കത്തും അനുബന്ധ രേഖകളും.
3. 11.01.2022 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 4.60 നമ്പർ തീരുമാനം.

ഉത്തരവ്

2017-18 വർഷം ജില്ലാ പഞ്ചായത്ത് ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിഹിതം വകയിരുത്തി (70.00 ലക്ഷം രൂപ) "സുശാന്തം-വയോജന വിഭവ കേന്ദ്രം" എന്ന പദ്ധതി രൂപീകരിച്ചിരുന്നു. ജില്ലാ കളക്ടർ സെക്രട്ടറിയായി രൂപീകരിച്ച ചാരിറ്റബിൾ സൊസൈറ്റിയുടെ അക്കൗണ്ടിലേക്ക് ഈ തുക കൈമാറിയിരുന്നു. എന്നാൽ ജില്ലാ കളക്ടർ സെക്രട്ടറിയായ ചാരിറ്റബിൾ സൊസൈറ്റിയ്ക്ക് പദ്ധതി നടപ്പാക്കാൻ സർക്കാർ അനുമതി നൽകിയില്ല. ഈ സാഹചര്യത്തിൽ സൊസൈറ്റിയുടെ അക്കൗണ്ടിൽ നിന്നും തുക ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറുന്നതിനും ഈ തുക ഉപയോഗിച്ച് വയോജന വിഭവ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും അനുമതി നൽകണമെന്നത് സംബന്ധിച്ച ജില്ലാ പഞ്ചായത്തിന്റെ പരാമർശം (2) പ്രകാരമുള്ള അപേക്ഷ പരാമർശം (1) പ്രകാരം ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയുണ്ടായി. കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൊസൈറ്റിയുടെ അക്കൗണ്ടിലെ തുക ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ നിലവിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറാൻ, ഈ തുകയുടെ വിവരങ്ങൾ പ്രത്യേകമായി സൂക്ഷിക്കേണ്ടതാണ്, നിലവിൽ ബാങ്ക് അക്കൗണ്ട് ഇല്ലെങ്കിൽ ധനവകുപ്പിന്റെ അനുമതിയോടെ പുതിയ അക്കൗണ്ട് തുടങ്ങേണ്ടതാണ് എന്നീ നിബന്ധനകളോടെ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രജി രാജേന്ദ്രൻ

ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ & പിആർഡി.

ഉത്തരവിൻ പ്രകാരം

Reeny

സെക്ഷൻ ഓഫീസർ